# ആരോഗ്യവകുപ്പ് മേലധികാരിയുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം- ഡ്രൈവർ ഗ്രേഡ്-2 തസ്തികയിൽ നിന്നും ഡ്രൈവർ ഗ്രേഡ്-1 ലേയ്ക്കുള്ള ആനുപാതിക പ്രകാരമുള്ള സ്ഥാനക്കയറ്റം നൽകിക്കൊണ്ടുള്ള ഉത്തരവ് - പുറപ്പെടുവിക്കുന്നു.

സൂചന
1 .ഗവ.ഉ (പി) നം.145/06/ഫിൻ തീയതി.25.03.2006.
2. ഗവ.ഉ (പി) നം.515/07/ഫിൻ തീയതി.19.10.2007
3. 01.02.2011-ലെ എച്ച്.റ്റി5-70743/10/ആ.വ.ഡ നം ഉത്തരവ്
4. 26.05.2012-ലെ ഇ.എസ്2-1255/12/ആ.വ.ഡ നം. നോട്ടീസ്
5. ഗവ.ഉ(പി) നം.262/07 (59) ഫിൻ തീയതി.19.06.2007.
6. 21.3.17-ലെ എ2-6643/17/നമ്പരായിട്ടുള മറപ്പുറം ജി.മെ.ആ കത്ത്

**ഉത്തരവ് നമ്പർ:എച്ച്റ്റി5-90407/2016/ആ.വ.ഡ, തിയ്യതി:30.12.2017.**

പരാമർശം (3) പ്രകാരം ഡ്രൈവർ ഗ്രേഡ്-2 തസ്തികയിൽ ജോലി ചെയ്ത് വരുന്ന 188 ഡ്രൈവർമാർക്ക് ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റംനൽകിക്കൊണ്ട് ഉത്തരവായിരുന്നു. പരാമർശം (6) പ്രകാരം വണ്ടൂർ താലൂക്കാശുപത്രിയിലെ ഡ്രൈവർ ഗ്രേഡ്-2 ആയ ശ്രീ.റഹ്മാൻ ശരീഫ് ടിയാനെ പരാമർശം (4) പ്രകാരം റാങ്ക് നമ്പർ 22-എ യായിട്ട് ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അർഹമായ ആനുപാതിക സ്ഥാനക്കയറ്റം ലഭ്യമാക്കണമെന്ന് (ഉചിതമാർഗ്ഗേണ അപേക്ഷിച്ചരിക്കുന്നു.)

ടിയാന്റെ അപേക്ഷ പരിഗണിച്ചപ്പോൾ ടിയാൻ ആനുപാതിക സ്ഥാനക്കയറ്റത്തിന് അർഹമാണെന്ന് ബോദ്ധ്യപ്പെട്ടു സിനിയോരിറ്റി ലിസ്റ്റിൽ 22-എ ആയിട്ടുള്ള ടിയാനെ പാരമർശം (3) പ്രകാരമുള്ള ആനുപാതിക സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെടുത്തുമ്പോൾ ടിയാന് 25.03.2010 പ്രാബല്യ തീയതിമുതൽ ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലേക്ക് ആനുപാതിക സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടാകും

മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന തീയതി മുതലുള്ള പ്രാബല്യത്തിൽ ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലേയ്ക്ക് 6080-9830 എന്ന ശമ്പള തോതിൽ കെ.എസ്&എസ്&എസ്.ആർ പാർട്ട്-2 31 (എ) (1) പ്രകാരം ആനുപാതിക പ്രകാരമുള്ള താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | റാങ്ക് | പേര് | ജനന തീയതി | പ്രാബല്യം |
|---|---|---|---|---|
| 1 | 22 (എ) | ശ്രീ.റഹ്മാൻ ശരീഫ് | 15.03.1962 | 25.03.2010 |

ടിയാന്റെ പേരും ജനന തീയതിയും സേവന പുസ്തകവുമായി ഒത്തുനോക്കി മാത്രമേ ടിയാനെ മേൽ തസ്തികയിൽ പ്രവേശിപ്പിക്കാവൂ. ടിയാന്റെ സേവന പുസ്തകത്തിൽ സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഡ്രൈവർ ഗ്രേഡ്-1 തസ്തികയിൽ പുതുക്കി യശമ്പള നിർണ്ണയം നടത്തുന്നതിന് ടിയാൻ ഡിക്ലറേഷൻ ഫോറം (ശമ്പള നിർണ്ണയം വഴി അധിക തുക കൈപ്പറ്റുകയാണെങ്കിൽ തിരികെ അടച്ച് കൊള്ളാം എന്നുള്ളത്) പൂരിപ്പിച്ച് സ്ഥാപന മേധാവിയ്ക്ക് നൽകേണ്ടതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ശമ്പളം പുതുക്കി നിശ്ചയിച്ച് നൽകേണ്ടതാണ്.

പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം ടിയാന് കുടിശ്ശിക മാറി നൽകേണ്ടതാണ്.

ഒപ്പ്
സി.എം അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്,

ബന്ധപ്പെട്ട വ്യക്തികൾക്ക് (വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടർ/സീനിയർ.എ.ഒ.( സി.എ മുഖാന്തിരം)
2. ജില്ലാ മെഡിക്കൽ ആഫീസർ, (ആ) മലപ്പുറം (വെബ്സൈറ്റ് മുഖാന്തിരം)
2. സൂപ്രണ്ട് താലൂക്ക് ആശുപത്രി മലപ്പുറം
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

എസ്.എൻ .3.1.18